# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, ഫാക്സ് : 0471 2727379, email : obcdirectorate@gmail.com


**BCDD/A3/Grants/401/12(2)** തീയതി : 23.03.2013

**//ഭരണഭാഷ - മാതൃഭാഷ//**

## <u>സർക്കുലർ</u>

**വിഷയം : 2012-13 ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം- പ്രധാനാധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്**

**സൂചന : 1) സ.ഉ. (സാധാ) നം. 31/2013/പി.സ.വി.വ തീയതി 22.03.2013**

**2) പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 23.03.2013 ലെ BCDD/A3/Grants/401/12(1) നമ്പർ നടപടി ഉത്തരവ്.**

2012-13 ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിക്കായി തുക അനുവദിച്ച് സൂചന 1 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സൂചന 2 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് **www. scholarship. itschool. gov.in / prematric_obc/** എന്ന സ്കോളർഷിപ്പ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് യഥാസമയം സ്കോളർഷിപ്പ് വിതരണം ചെയ്യേണ്ട ചുമതല പ്രധാനാധ്യാപകരിൽ നിക്ഷിപ്തമാണ്. സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

***<u>നിർദ്ദേശങ്ങൾ</u>***

1. സ്കോളർഷിപ്പ് പോർട്ടലിൽ സ്ഥാപനമേധാവികൾ രേഖപ്പെടുത്തിയ, സ്കൂളുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ തുക ട്രാൻസ്ഫർ ചെയ്യുന്നതും, വിവരം ഇ മെയിൽ ആയും, എസ്.എം.എസ് ആയും അറിയിക്കുന്നതുമാണ്.
2. അക്കൗണ്ടിൽ ലഭിക്കുന്ന തുക അടുത്ത ദിവസം തന്നെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്.
3. I മുതൽ V വരെ ക്ലാസ്സുകളിൽ ₹ 750 , VI മുതൽ VIII വരെ ₹ 900, IX, X ക്ലാസ്സുകളിൽ ₹ 1000 എന്നിങ്ങനെയാണ് സ്കോളർഷിപ്പ് നിരക്ക്.
4. ചെലവഴിക്കുന്ന തുകയുടെ അക്വിറ്റൻസ് സ്കൂളിൽ സൂക്ഷിക്കേണ്ടതും, തുടർന്നുള്ള പരിശോധനകൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

5. ഡാറ്റാ എൻട്രിയിൽ വന്ന പിഴവ് മൂലമോ മറ്റു കാരണങ്ങളാലോ അനർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതായി ബോധ്യപ്പെട്ടാൽ അത്തരം വിദ്യാർത്ഥികൾക്ക് തുക വിതരണം ചെയ്യാൻ പാടില്ല.
6. ഇപ്രകാരം വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക **2013 മാർച്ച് 31** ന് മുമ്പായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പട്ടം ബ്രാഞ്ചിൽ പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ പേരിലുള്ള **32870348551** എന്ന നമ്പരിലുള്ള അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.
7. ഇപ്രകാരം തിരിച്ചടക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ (ബാങ്ക്, ബ്രാഞ്ച്, തിരിച്ചടച്ച തീയതി, രശീത് നമ്പർ) സ്കോളർഷിപ്പ് പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. ***വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിൽ പ്രധാനാദ്ധ്യാപകർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.***
8. ഒരേ വിദ്യാർത്ഥി സമാന രീതിയിലുള്ള ഒന്നിലധികം സ്കോളർഷിപ്പുകൾ കൈപ്പറ്റുന്നില്ലായെന്നും, ഒരു കുടുംബത്തിലെ രണ്ടിൽ കൂടുതൽ പേർ സ്കോളർഷിപ്പ് കൈപ്പറ്റുന്നില്ലായെന്നും പ്രധാനാദ്ധ്യാപകർ ഉറപ്പാക്കേണ്ടതാണ്.

DIRECTORATE OF BACKWARD COMMUNITIES DEVELOPMENT DEPARTMENT ★ THIRUVANANTHAPURAM-695003

**ഡയറക്ടർ**
**പിന്നാക്ക സമുദായ വികസന വകുപ്പ്**
V.R. JOSHI
DIRECTOR
Backward Communities Development Department
Thiruvananthapuram- 695 003

എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക്

**പകർപ്പ് :**

ഗവ. സെക്രട്ടറി , പിന്നാക്ക സമുദായ വികസന വകുപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ
പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ
എല്ലാ ഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒ മാർക്ക്
എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും
കരുതൽ/അധികം

(അറിവിലേക്കായി)

പി.വി.എസ് 23.03.13